**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2691** **24-02-2026 - ൽ മറുപടിയ്ക്ക്**

**സ്ക്രൈബ് ദുരുപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ പഠന വൈകല്യങ്ങൾ ഇല്ലാത്ത കുട്ടികൾക്കും പത്താം ക്ലാസ് തലത്തിൽ വരെ സ്ക്രൈബ് ലഭിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ വിദ്യാർത്ഥികളെ മെഡിക്കൽ ബോർഡ് പരിശോധിച്ച് വൈകല്യമുണ്ടെന്ന് ശുപാർശ ചെയ്താൽ മാത്രമേ വിദ്യാഭ്യാസ വകുപ്പ് സ്ക്രൈബിനെ വെച്ച് പരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളു. |
| (ബി) | ഇപ്രകാരം അനർഹമായി സ്ക്രൈബ് സഹായം ലഭിച്ച വിദ്യാർത്ഥികൾ പ്ലസ് വൺ മുതൽ തുടർപഠനം നടത്തുമ്പോൾ പ്രസ്തുത സേവനം ലഭിക്കാത്തതിനാൽ കൊഴിഞ്ഞുപോക്ക് ധാരാളമായി സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്ലസ് വൺ തുടർപഠനത്തിൽ മറ്റ് കുട്ടികളിൽ നിന്നും പിന്നാക്കം പോവുകയും, പഠനാഭിമുഖ്യം കുറയുകയും തൽഫലമായി കുറച്ച് കുട്ടികൾ പ്ലസ് വൺ, പ്ലസ് ടു തലത്തിൽ കൊഴിഞ്ഞു പോകുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. |
| (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ അർഹരായവർക്ക് മാത്രം സ്ക്രൈബ് അനുവദിക്കുന്നതിന് ഡി.എം.ഒ തലത്തിൽ തീരുമാനമെടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | നിലവിൽ മെഡിക്കൽ ബോർഡ് പരിശോധിച്ച് വൈകല്യമുണ്ടെന്ന് ശുപാർശ ചെയ്താൽ മാത്രമേ വിദ്യാഭ്യാസ വകുപ്പ് സ്ക്രൈബിനെ വെച്ച് പരീക്ഷ എഴുതാൻ അനുവദിക്കുന്നുള്ളു. |

സെക്ഷൻ ഓഫീസർ